## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3893**

**21.06.2018- ൽ മറുപടിയ്ക്ക്**

### നവ കേരളീയം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ്.പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശികകൾ തിരിച്ചു പിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശികകൾ തിരിച്ചു പിടിക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം 2018' പദ്ധതി നടപ്പിലാക്കി. ടി പദ്ധതി പ്രകാരം വിവിധ ഇളവുകളോടെ സഹകാരികൾക്ക് കുടിശ്ശിക വായ്പ തീർപ്പാക്കാൻ അവസരം ലഭിച്ചിരുന്നു. ടി പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു. |
| (ബി) | നവ കേരളീയം പദ്ധതിയിലൂടെ എത്ര രൂപയുടെ വായ്പ കുടിശ്ശിക തിരിച്ചു പിടിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) | നവകേരളീയം പദ്ധതിയിലൂടെ 605531 ലക്ഷം രൂപയുടെ വായ്പയാണ് തിരിച്ചുപിടിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി പുനരവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2018 മാർച്ച് 31ന് അവസാനിച്ച പ്രസ്തുത പദ്ധതി ഈ വർഷം വീണ്ടും നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**